ഉത്തരം

(എ) ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടിട്ടുണ്ട്.

(ബി) ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുടെ വസതികളിലുള്ള ടെലിഫോണുകൾക്ക് (എസ്. റ്റി. ഡി. സൗകര്യമുള്ളവ ഉൾപ്പെടെ) രണ്ട് മാസത്തിൽ ഒരിക്കൽ 650 കാളുകൾ എന്ന് നിയന്ത്രണം വച്ചിട്ടുണ്ട്. അതിൽ കൂടുതലായുള്ള കാളുകൾ ഔദ്യോഗികാവശ്യത്തിനാണ് എന്ന് സാക്ഷ്യപ്പെടുത്തിയില്ലെങ്കിൽ അതാതു ഓഫീസർമാർ തന്നെ അതിന്റെ ചാർജ്ജ് അടയ്ക്കേണ്ടതാണ്.

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം നടത്തിയ നിയമനങ്ങൾ

415. [526] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ പി. എസ്. സി. മുഖേന എത്ര നിയമനങ്ങൾ നടത്തി എന്നു വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വിഭാഗങ്ങളിൽ ;

(സി) പ്രസ്തുത കാലയളവിൽ വിവിധ തസ്തികകളിലായി എത്ര പേർ റിട്ടയർ ചെയ്തു എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) 31-7-1986-നുശേഷം അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റു തസ്തികയിൽ 5 പേരെ പി. എസ്. സി. മുഖേന നിയമിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റിലെ മറ്റു തസ്തികകളെ സംബന്ധിച്ചും, സെക്രട്ടറിയേറ്റിലെത്തന്നെ മറ്റു വകുപ്പുകളേയും സംസ്ഥാനത്തെ വിവിധ വകുപ്പുകളേയും സംബന്ധിച്ചുമുള്ള വിവരം ശേഖരിച്ചു വരുകയാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

பணியில் இருக்கும்போது இறந்தவரின் ஆதரவிலுள்ளவர்களுக்கு வேலை கொடுக்கும் திட்டம்

(Employment under dying in-harness cases)

416. [527] ശ്രീ. പി. വരദൻ : കീഴ് കാണും വിഷയങ്ങൾക്കു മുഖ്യമന്ത്രി തയ്യാറാകുമോ :

(എ) പണിയിൽ ഇരുക്കുമ്പൊഴുതു ഇറന്ത അരശു ഊഴിയർകളിൻ ആതരവിലുള്ളവർകളുക്കു വേലൈ കൊടുപ്പതു സംബന്ധമാക ഇപ്പോതുള്ള ഏർപാടുകളിൽ മാറ്റം ഏർപടുത്തും കാരിയത്തൈ പരിശീലനൈ ചെയ്യലാമാ;

(ബി) ഇറന്തുപോന അരശു ഊഴിയർകളിൻ കുറൈന്ത സർവീസ് കാല വരയറൈ ഐന്തു വരുടമെൻപതൈ മേലും കുറൈപ്പതു പറ്റി പരിശീലനൈ ചെയ്യലാമാ?

LIBRARY ARCHIVES Kerala Legislative Assembly